(സി) ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികളെ കച്ചവടം ചെയ്യാൻ അനുവദിക്കില്ലെന്ന ചില സംഘടനകളുടെ നിലപാടിനോട് സർക്കാർ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രധാന ആരാധനാലയങ്ങളുടെ പരിസരത്ത് മറ്റ് മതവിശ്വാസികൾ വഴഞ്ഞു കയറുന്നുണ്ടെന്ന കാര്യം പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ഇ) ആരാധനാലയങ്ങളുടെ സമീപം വർഗ്ഗീയ ശക്തികൾ വിദ്വേഷ പ്രവർത്തനങ്ങൾക്കായി വ്യാപകമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് തടയാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. ശിവകുമാർ</u>):

(എ) ഇല്ല.

(ബി) സർക്കാർ ആരാധനാലയങ്ങളുടെ സമീപങ്ങൾ ഏറ്റെടുക്കുകയോ സ്വന്തം കൈക്കലാക്കുകയോ ചെയ്തിട്ടില്ല.

(സി) ക്ഷേത്രങ്ങളുടെ പരിസരങ്ങളിലുള്ള കച്ചവട സമുച്ചയങ്ങൾ പ്രവർത്തിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ആരെങ്കിലും ഏർപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേവസ്വങ്ങളുടെ സമീപത്ത് കച്ചവട സമുച്ചയങ്ങൾ നടത്തുന്നതിന് അനുമതി നൽകുന്നത് അതാത് ദേവസ്വങ്ങളും ദേവസ്വം ബോർഡുകളുമാണ്.

(ഡി&ഇ) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഉത്തരവാദിത്വ ടൂറിസം പദ്ധതി

9(*69) <u>ശ്രീ. എം. എ. വാഹീദ്</u> :

<u>ശ്രീ. കെ. ശിവദാസൻ നായർ</u> :

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u> :

<u>ശ്രീ. വൺഡി ലൂയിസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ :

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ):

(എ) ഉണ്ട്.

(ബി) ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശീയർക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്ന പദ്ധതിയാണ് ഉത്തരവാദിത്വ ടൂറിസം. തദ്ദേശീയർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും സഞ്ചാരികൾക്ക് മെച്ചപ്പെട്ട സേവനങ്ങളും ലഭ്യമാക്കാൻ സഹായിക്കുംവിധം ടൂറിസം കേന്ദ്രങ്ങളെ വികസിപ്പിക്കുക എന്ന അടിസ്ഥാന ലക്ഷ്യത്തോടെ നടപ്പാക്കുന്ന ഉത്തരവാദിത്വ ടൂറിസം പദ്ധതി സാമൂഹിക, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളെ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശീയർക്ക് തൊഴിൽ, കാര്യശേഷി വികസനം, ടൂറിസം ഉല്പന്നവികസനം, ഗ്രാമീണ പാക്കേജുകൾ, പാരിസ്ഥിതിക സാംസ്കാരിക പൈതൃക സംരക്ഷണം, സ്ത്രീ ശാക്തീകരണം, ദാരിദ്ര്യ ലഘൂകരണം, ഗ്രാമീണ വികസനം എന്നിവയുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുന്നതിനും ഉത്തരവാദിത്വ ടൂറിസം ലക്ഷ്യമിടുന്നു.

(സി) പദ്ധതി നടത്തിപ്പിനായി 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ 6.47 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2011 ജൂൺ മുതൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം&ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-നെ പദ്ധതി നടത്തിപ്പിനുള്ള നോഡൽ ഏജൻസിയായി നിയമിക്കുകയുണ്ടായി. ഉത്തരവാദിത്വ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പ്രവർത്തനം നടത്തിയിരുന്ന കുമരകം, തേക്കടി, കോവളം, വൈത്തിരി എന്നിവിടങ്ങളിൽ കൂടാതെ കുമ്പളങ്ങി, ബേക്കൽ, അമ്പലവയൽ, മുസിരിസ് എന്നിവിടങ്ങളിൽക്കൂടി ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു. ഉത്തരവാദിത്വ ടൂറിസം വിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് തെരഞ്ഞെടുത്ത 50 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാരംഭ പഠനങ്ങളും ചർച്ചകളും നടത്തുകയുണ്ടായി. സർക്കാരിന്റെ മിഷൻ 676 പദ്ധതി പ്രകാരം " GOD'S OWN COUNTRY-PEOPLES OWN TOURISM" പദ്ധതിയിൽ ഉൾപ്പെടുത്തിച്ച് 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഉത്തരവാദിത്വ ടൂറിസം പദ്ധതി നടപ്പാക്കുവാൻ തീരുമാനിക്കുകയും അവിടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

GPM. 2/238/2020-6

LIBRARY ARCHIVES Kerala Legislative Assembly